പ്രകാശവചനം ● **ഇബ്നു ഹസൈനാർ**

# ജനങ്ങളെ ഭയപ്പെടരുത്

**عَنْ أَبِي سَعِيد الْخُدْرِي، قَالَ رَسُولُ اللَّه ﷺ: لا يَحْقِرَنَّ اَحدُكُم نَفْسَه ' اَن يرى أَمْرَ اللَّه فِيه مَقَالٌ ' فَلاَ يَقُولُ فيه. فَيُقَالُ لَه يومَ الْقِيامَة مَا مَنَعكَ اَنْ تَكُونَ قُلْتَ فِي كَذَا وكَذَا؟ فيَقُولُ: مُخَافَةُ النَّاسِ. فَيَقُولُ (اللَّهُ) إِيَّايَ اَحَقُّ اَنْ تخَافَ.**

**അബൂ സഈദിൽ ഖുദ്‌രിയിൽ നിന്ന്. നബി(സ) പറഞ്ഞു: അല്ലാഹുവിന് വേണ്ടി ശബ്ദിക്കുന്നതിൽനിന്ന് നിങ്ങൾക്ക് ഒരു അപകർഷബോധവും തോന്നേണ്ടതില്ല. അങ്ങനെ ഒരാൾ ആ സന്ദർഭത്തിൽ മിണ്ടാതിരുന്നാൽ, അന്ത്യനാളിൽ അവനോട് ചോദിക്കും: അന്നേരം സംസാരിക്കുന്നതിൽനിന്നും നിന്നെ തടഞ്ഞതെന്താണ്? അവൻ പറയും: ജനത്തെ ഭയന്നതു കൊണ്ട്. അപ്പോൾ അല്ലാഹു അവനോട് പറയും: എന്നെയാണല്ലോ നീ ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടിയിരുന്നത് (ഇബ്നുമാജ).**

അനീതിക്കും അക്രമങ്ങൾക്കുമെതിരെ ശബ്ദിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. സ്വസ്ഥതയും സ്വഛന്ദതയും തകർക്കുന്നത് ആരുമാവട്ടെ, അവർക്കെതിരെ മുഖം നോക്കാതെ നിലപാടെടുക്കാൻ ആർജവം കാണിക്കണമെന്നാണ് ഈ ഹദീസ് ഉണർത്തുന്നത്.

'അക്രമിയായ ഭരണാധികാരിയോട് നീതിയുടെ വർത്തമാനം പറയലാണ് ഏറ്റവും വലിയ ജിഹാദ്' എന്ന് പ്രവാചകൻ(സ) പഠിപ്പിക്കുന്നു. പേർഷ്യൻ രാജാവായ റുസ്തമിനോട് രിബ്ഇയ്യുബ്നു ആമിർ(റ) തന്റേടത്തോടെ ചില സംഗതികൾ പ്രഖ്യാപിക്കുന്നത് നാം ചരിത്രത്തിൽ വായിക്കുന്നു.

ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പാടോടെ കാണാത്തവനാണ് യഥാർഥ വിശ്വാസി. ഈ ആശയം വിശുദ്ധ ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്. അല്ലാഹുവിന് വേണ്ടി നിലകൊള്ളേണ്ട വിശ്വാസി ജനഭയം കാരണം മാറിനിന്നാൽ അവൻ അപ്പോൾ ഭയപ്പെടുന്നത് പടച്ചവനെയല്ല, പടപ്പുകളെയാണ്. അത്തരം ഭീരുക്കളെ ഉണർത്തുകയാണ് പ്രസ്തുത ഹദീസിൽ.

ഖുത്ബ നിർവഹിച്ചു കൊണ്ടിരിക്കുന്ന ഖലീഫ ഉമറി(റ)നെ ചോദ്യം ചെയ്യുന്ന ഒരാളുടെ സംഭവം ചരിത്രത്തിൽ കാണാം. താങ്കൾ വിതരണം ചെയ്ത തുണിക്ക് ഇത്ര വലുപ്പമില്ലല്ലോ, പിന്നെ എവിടുന്ന് കിട്ടി താങ്കൾക്ക് ഈ നീളമുള്ള വസ്ത്രം? ഇതായിരുന്നു ആ സ്വഹാബിയുടെ ആരോപണം.

ആർജവത്തോടെയും ആവേശത്തോടെയും ഉന്നയിച്ച ഈ ആക്ഷേപത്തിന് ധീരനും ശൂരനുമായ ഭരണാധികാരി പതിഞ്ഞ സ്വരത്തിൽ മറുപടി പറഞ്ഞു: 'ഇത് മകൻ അബ്ദുല്ലക്ക് ലഭിച്ച തുണി കൂടി ചേർത്ത് വെച്ച് തയ്പിച്ചതാണ്.' ഇതാണ് ഇസ്‌ലാമിക പാരമ്പര്യം.

ആരെയും കൂസാതെയുള്ള ധീര നിലപാടെടുത്തിരുന്ന പൂർവസൂരികളായിരുന്നു മഹത്തുക്കൾ. ആ സാംസ്കാരിക പാരമ്പര്യം കൈമോശം വന്നതാണ് ഇന്നത്തെ മുസ്‌ലിം സമുദായത്തിന്റെ പതനത്തിന്റെ മൂല കാരണം. ■